# ദി പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ്കേരളലിമിറ്റഡ്

CIN: U01119KL1962SGC001997 രജി ഓഫീസ് – കോട്ടയം – 686 004

**Ref.No.SAL-F-600/ 2409**

## കശുമാവ് മരങ്ങളുടെ വില്പന - രണ്ടാം പുനർ ഇ-ടെൻഡർ കം ഇ- ഓക്ഷൻ

പി സി കെ യുടെ ഉടമസ്ഥതയിലുള്ള ചീമേനി, മണ്ണാർക്കാട്,കാസറഗോഡ്, എസ്റ്റേറ്റുകളിലെ കശുമാവ് മരങ്ങളുടെ വില്പന കേരളാ സർക്കാർ വെബ് പോർട്ടലായ https://etenders.kerala.gov.in വഴി താഴെപ്പറയുന്ന നിബന്ധനകൾക്ക് വിധേയമായി നടത്തുവാൻ തീരുമാനിച്ചിരിക്കുന്നു. ആയതുപ്രകാരം കശുമാവ് മരങ്ങളുടെ വില യുടെ വാഗ് ദാനം 13/11/2020 തീയതിയിൽ 5.00 PM മണി വരെ കരാറുകാർക്ക് ടി ഇ പോർട്ടൽ സൈറ്റിലൂടെ സമർപ്പിക്കാവുന്നതാണ്. രണ്ടാം പുനർ ഇ-ടെൻഡർ കം ഇ-ഓക്ഷനിൽ പങ്കെടുക്കുവാൻ നിരത ദ്രവ്യമായി ബ്ലോക്ക് ഒന്നിന് 25,000(ഇരുപത്തയ്യായിരം രൂപ മാത്രം) കണക്കിൽ ഡിമാൻഡ് ഡ്രാഫ്റ്റ് പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ എടുക്കേണ്ടതാണ്. ഇ-ടെൻഡർ സമർപ്പിക്കുന്നവർ ബ്ലോക്ക് തിരിച്ചുള്ള വിലയാണ് സമർപ്പിക്കേണ്ടത്. ക്വാട്ടേഷനുകൾ മേൽപ്പറഞ്ഞ ഇ-ടെൻഡർ പോർട്ടൽ വഴി മാത്രം സമർപ്പിക്കേണ്ടതാണ്. ഇ-ടെൻഡർ സമർപ്പിക്കുന്നതിനുള്ള സമയം അവസാനിച്ചതിനുശേഷം കരാറുകാർ സമർപ്പിച്ച ഇ-ടെൻഡറുകൾ സാങ്കേതിക സാമ്പത്തിക പരിശോധനയ്ക്കുശേഷം ഇ-ടെൻഡറിൽ ഓരോ ബ്ലോക്കിലും ലഭിച്ച ഉയർന്ന നിരക്ക് അടിസ്ഥാനമാക്കി ടി ഇ പോർട്ടലിലൂടെ തന്നെ ഇ-ലേലത്തിന് പ്രസിദ്ധീകരിക്കുന്നതുമാണ്. പ്രസ്തുത ദിവസം ഹർത്താൽ, പൊതു അവധി, മറ്റു ഏതെങ്കിലും കാരണത്താൽ ഇ- ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ നടത്തുന്നതായിരിക്കും. ഇ ടെൻഡർ കം ഇ-ഓക്ഷനിൽ വാഗ്ദാനം ചെയ്യപ്പെടുന്ന തുകകളിൽ ഏറ്റവും കൂടുതലായ തുകയുടെ വാഗ്ദാനം യുക്തമെന്ന് തോന്നുന്നപക്ഷം അംഗീകരിക്കുന്നതിനും അല്ലാത്തപക്ഷം നിരസിക്കുന്നതിനും കോർപ്പറേഷന് അധികാരമുണ്ടായിരിക്കുന്നതാണ്.

### ഇ-ടെൻഡർ കം ഇ-ഓക്ഷന്റെ നിബന്ധനകൾ

1 ഇ-ടെൻഡർ ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ--ടെൻഡർ/ഇ- ഓക്ഷൻ വ്യവസ്ഥകൾ ടി ഇ-പോർട്ടലിൽ നിന്നും ഡൗൺലോഡ് ചെയ്യേണ്ടതും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, ഒപ്പിട്ട ടെൻഡർ കണ്ടിഷനും ഡിമാൻഡ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയും, കരാറുകാരന്റെ ആധാർ കാർഡ്, പാൻ കാർഡ് എന്നിവയുടെ കോപ്പിയും ടെൻഡർ ഫീസ്(Rs.105) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ്ലോഡ് ചെയ്യേണ്ടതാണ്.

2 ഇ ടെൻഡർ കം ഇ ഓക്ഷനിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ആയതിനു മുമ്പായി മാനേജരുടെ മുൻകൂട്ടിയുള്ള അനുവാദത്തോടെ തോട്ടത്തിൽ പോയി ബ്ലോക്കിന്റെ വിസ്തൃതി, അതിര്, മരങ്ങളുടെ എണ്ണം, മരങ്ങളുടെ നിലവിലുള്ള അവസ്ഥ എന്നിവയെ കുറിച്ച് മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് എന്തെങ്കിലും തർക്കമുണ്ടായാൽ പ്രസ്തുത

തോട്ടം മാനേജരുടെ തീരുമാനം അന്തിമമായിരിക്കുന്നതും, ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

3 മരങ്ങൾ വെട്ടിമാറ്റുന്നതിനുള്ള കാലാവധി സ്ഥിരീകരണ തിയതി മുതൽ 60 ദിവസത്തേക്കായിരിക്കും. ഇ-ടെൻഡർ കം ഇ ഒക്ഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കരാറുകാർ ബ്ലോക്ക് ഒന്നിന് Rs.25,000 രൂപ എന്ന കണക്കിൽ പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്ന പേരിൽ കോട്ടയത്ത് മാറത്തക്ക വിധത്തിൽ ഡിമാൻഡ് ഡ്രാഫ്റ്റ് എടുത്ത് അവയുടെ വിവരങ്ങൾ ടെൻഡർ വ്യവസ്ഥകളോട് അനുബന്ധിച്ചിരിക്കുന്ന പട്ടികയിൽ രേഖപ്പെടുത്തേണ്ടതും അനന്തരം ടി ടെൻഡർ വ്യവസ്ഥ ഒപ്പിട്ട് ഇ-ടെൻഡർ പോർട്ടലിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്. ഡിമാൻഡ് ഡ്രാഫ്റ്റ് സംബന്ധിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ടെൻഡർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി കരാറുകാരന്റെ ടെൻഡർ നിരാകരിക്കുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ ടെൻഡർ തുറക്കുന്ന ദിവസം 10 മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസിൽ ലഭിച്ചിരിയ്ക്കേണ്ടതാണ്.

4. ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്യുന്ന വ്യക്തി ഇ--ടെൻഡർ പോർട്ടൽ വഴി അറിയിപ്പ് ലഭിച്ച് 24 മണിക്കൂറിനകം വാഗ്ദാനം ചെയ്ത മൊത്തം തുകയുടെ **മൂന്നിലൊന്നുവരുന്ന തുക** പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരളാ ലിമിറ്റഡിൻറെ **താഴെ പറയുന്ന അക്കൗണ്ടിൽ അടക്കേണ്ടതാണ്**.

P.C.K LTD, A/C No. 2964201000048, IFSC-CNRB0002964.
Bank :- Canara Bank, Kanjikkuzhy, Kottayam.

5. കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർ അംഗീകരിച്ച **ഇ-ടെൻഡർ കം ഇ-ഓക്ഷൻ** പ്രസ്തുത ഇ-ടെൻഡർ സമർപ്പിച്ച വ്യക്തിയെ രേഖാമൂലം അറിയിക്കുന്നതും, അങ്ങനെ **ഇ-ടെൻഡർ കം ഇ-ഓക്ഷൻ** സ്ഥിരീകരണത്തിന്റെ തീയതി മുതൽ 15 ദിവസത്തിനകം മൊത്തം തുകയുടെ 15% സെക്യൂരിറ്റി ഡിപ്പോസിറ്റായി (നിരതദ്രവ്യമടക്കം) അടയ്ക്കേണ്ടതുമാണ്. പ്രസ്തുത തുകയ്ക്ക് പലിശ നൽകുന്നതല്ല. ഇതിനു പുറമേ മൊത്തം **വാഗ്ദാനം ചെയ്ത തുകയും ഇ ഓക്ഷൻ** സ്ഥിരീകരണത്തിന്റെ തീയതി മുതൽ 15 ദിവസത്തിനകം അടയ്ക്കേണ്ടതാണ്.

6. **ഇ ടെൻഡർ കം ഓക്ഷൻ** സ്ഥിരീകരണത്തിന്റെ തീയതി മുതൽ 15 ദിവസത്തിനകം വ്യവസ്ഥകൾ അനുസരിച്ചുള്ള തുകകൾ യഥാസമയം അടച്ച് കോർപ്പറേഷനുമായി ഇതനുസരിച്ചുള്ള **ഉടമ്പടി 200/- രൂപ കേരള** ഗവൺമെൻറ് **വക** മുദ്രപത്രത്തിൽ വയ്ക്കേണ്ടതാണ്. അതിൽ വീഴ്ച വരുത്തുന്നപക്ഷം **ഇ ടെൻഡർ കം ഓക്ഷൻ** അസ്ഥിരപ്പെടുത്തുന്നതും, സ്ഥിരീകരണ ഉത്തരവ് റദ്ദാക്കുന്നതും കോർപ്പറേഷനിൽ പ്രസ്തുത വ്യക്തി **അടച്ചിട്ടുള്ളതായ എല്ലാ തുകകളും** കണ്ടുകെട്ടി കോർപ്പറേഷന്റെ ഖജനാവിലേക്ക് മുതൽ കൂട്ടുന്നതുമാണ്. ഇതുമൂലം കോർപ്പറേഷനുണ്ടാ **കാവുന്ന എല്ലാവിധ** കഷ്ടനഷ്ടങ്ങൾ**ക്കും** പ്രസ്തുത വ്യക്തി ഉത്തരവാദിയായിരിക്കുന്ന**തും ആയത് കോർപറേഷന് ടി യാളിൽനിന്നും ഈടാക്കിയെടുക്കുന്നതിനും അവകാശമുണ്ടായിരിക്കുന്നതുമാണ്.**

7 ഏറ്റവും കൂടിയ തുകയ്ക്ക് **ഇടെൻഡർ ഇ ഓക്ഷൻ** സമർപ്പിച്ച വ്യക്തിയ്ക്ക് കോർപ്പറേഷൻ അന്തിമ തീരുമാനമെടുക്കുന്നതുവരെ സ്വമേധയാ അത് പിൻവലിക്കുവാൻ പാടുള്ളതല്ല. അഥവാ പ്രസ്തുത വ്യക്തി അപ്രകാരം പിൻവലിക്കുകയോ 4,5, വകുപ്പുകൾ അനുസരിച്ചുള്ള തുക അടയ്ക്കാതിരിക്കുകയോ ചെയ്താൽ അയാൾ മൂന്നാം വകുപ്പനുസരിച്ച് അടച്ചിട്ടുള്ള നിരതദ്രവ്യം കോർപ്പറേഷനിൽ മുതൽകൂട്ടുവാനും അപ്രകാരം സംഭവിക്കുന്ന പക്ഷം യുക്തമായ തീരുമാനമെടുക്കുവാൻ കോർപ്പറേഷന് പൂർണ്ണ അധികാരമുള്ളതുമാകുന്നു.

8 തീപിടുത്തം, വരൾച്ച, കീടബാധ, പ്രകൃതിക്ഷോഭം, കരാറുകാരന്റേയോ, കേർപ്പറേഷന്റേയോ തൊഴിലാളികളുടെ സമരം മുതലായവ മൂലമുണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് കോർപ്പറേഷൻ യാതൊരു കാരണവശാലും നഷ്ടപരിഹാരം നൽകുന്നതല്ല. കരാറുകരാന്റെ തൊഴിലാളികൾക്ക് യാതൊരുവിധ ആനുകൂല്യങ്ങളോ നഷ്ടപരിഹാരമോ നൽകുന്നതിന് കോർപ്പറേഷനു ബാധ്യത ഉണ്ടായിരിക്കുന്നതല്ല.

9 **ഇ ടെൻഡർ കം ഇ ഓക്ഷൻ** വിളിച്ച് കരാർ **നൽകിയിട്ടുള്ള** സ്ഥലത്ത് കോർപ്പറേഷൻ ഉദ്യോഗ്സ്ഥന്മാർക്ക് ഏതു സമയത്തും പരിശോധിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ്.

10 കരാറുകരാനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ, തൊഴിലാളികളിൽ നിന്നോ, എസ്റ്റേറ്റിന്റെ സുഗമമായ പ്രവർത്തനത്തിന് യാതൊരു തടസ്സവും ഉണ്ടാകുവാൻ പാടില്ല.

11 കരാറുകരാനും, കരാറുകാരന്റെ ഏജന്റും, തൊഴിലാളികളും മരം വെട്ടുന്നതിനു മുമ്പായി എസ്റ്റേറ്റു മാനേജരുടേയോ, മാനേജർ അധികാരപ്പെടുത്തുന്നവരുടെയോ പക്കൽ നിന്നും പ്രവേശന പാസ്സുകൾ വാങ്ങിയിരിക്കേണ്ടതാണ്.

12 **ഇ ടെൻഡർ** തുകയ്ക്ക് പുറമേ, വിൽപ്പന നികുതിയോ, ആദായ നികുതിയോ മറ്റുനികുതികളോ ബാധകമാണെങ്കിൽ ആയത് കാരാറുകരൻ അടയ്ക്കേണ്ടതാണ്. മരം മുറിച്ച് ലോഡുകളായി കൊണ്ടുപോകുന്നതിന് വനം വകുപ്പിൽ നിന്നും പാസ്സുകൾ ആവിശ്യമെങ്കിൽ കരാറുകരാൻ സ്വന്തം ചെലവിൽ എടുക്കേണ്ടതാണ്.

13 കരാറുകരാനിൽ നിന്നോ ടിയാന്റെ ഏജന്റിൽ നിന്നോ തൊഴിലാളികളിൽ നിന്നോ, കോർപ്പറേഷൻ വക മരങ്ങൾക്കോ, മറ്റു വസ്തുക്കൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ എസ്റ്റേറ്റുമാനേജർ നിശ്ചയിക്കുന്ന നഷ്ടപരിഹാരം കരാറുകാരൻ കോർപ്പറേഷനിലേയ്ക്ക് അടയ്ക്കേണ്ടതും, മാനേജരുടെ തീരുമാനം ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

14 വെട്ടി മാറ്റുന്നതിനു നിശ്ചയിച്ച് നമ്പരിട്ടിട്ടുള്ള മരങ്ങൾ മുറിക്കുന്നതിനു മാത്രമേ കരാറുകാരന് അവകാശ മുണ്ടായിരിക്കുകയുള്ളു. നമ്പരിടാത്തതോ, മറ്റിനങ്ങളിൽപ്പെടുന്നതായ മരങ്ങളോ, മറ്റു ഡിവിഷനുകളിലോ, ബ്ലോക്കുകളിലോ നിൽക്കുന്ന ഏതെങ്കിലും മരങ്ങളോ മുറിക്കുന്നതാകയാൽ അത് അനധികൃത മരം മുറിക്കലായി പരിഗണിച്ച്, നിയമനടപടികൾ സ്വീകരിക്കുന്നതും, കരാറുകാരനുമായിട്ടുള്ള ഉടമ്പടി റദ്ദു ചെയ്യുന്നതും അടച്ച എല്ലാ സംഖ്യകളും കണ്ടുകെട്ടി മുതൽകൂട്ടുന്നതുമായിക്കും. ബാക്കി വരുന്ന മരങ്ങൾ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പുനർ **ഇ ടെൻഡർ** കം **ഇ ഓക്ഷൻ** നടത്തി വില്പന ചെയ്യുന്നതുമായിക്കും. അപ്രകാരമുണ്ടാകുന്ന നഷ്ടവും **ചിലവുകളും** കരാറുകാരനിൽ നിന്നും ഇടാക്കുന്നതുമായിരിക്കും.

15 മരങ്ങൾ അധികാരികളുടെ നിർദ്ദേശമനുസ്സരിച്ച് മാത്രമേ മുറിച്ചു മാറ്റാൻ കരാറുകാരന് അവകാശമുണ്ടായിരിക്കുകയുള്ളു. എസ്റ്റേറ്റിൽ നിന്ന് മുറിച്ചുമാറ്റുന്ന മരങ്ങളുടെ കണക്ക് അതു നീക്കം ചെയ്യുന്നതിനു മുമ്പ് എസ്റ്റേറ്റ് മാനേജരേയോ അദ്ദേഹം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനേയോ അറിയി**ച്ചിരി**ക്കേണ്ടതാണ്.

16 എസ്റ്റേറ്റു മാനേജർക്കും അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റ് ഉദ്യോഗസ്ഥന്മാർക്കും കരാറുകാരൻ, കരാറുകാരാന്റെ ഏജന്റ്, തൊഴിലാളികൾ തുടങ്ങിയവരെ നിയന്ത്രിക്കുന്നതിനും, കരാറുകാർ മരങ്ങൾ കൊണ്ടുപോകുന്ന വാഹനങ്ങൾ മുതലായവ പരിശോധിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും അധികാരം ഉണ്ടായിരിക്കുന്നതാണ്.

17 വെട്ടിമാറ്റുന്ന മരങ്ങളല്ലാതെ എസ്റ്റേറ്റിൽ നിന്നും വിറക്, പുല്ല് തുടങ്ങിയ സാധനങ്ങൾ കാരാറുകാരനോ, അയാൾ ഏർപ്പെടുത്തുന്ന ആളോ, അയാളുടെ തൊഴിലാളികളോ, കൊണ്ടുപോകാൻപാടില്ല. മരങ്ങൾ തറ നിരപ്പിൽ മുറിച്ചുമാറ്റേണ്ടതാണ്. മരങ്ങൾ പിഴുതെടുക്കുവാൻ പാടില്ല.

18 മരങ്ങൾ മുറിച്ചുമാറ്റുന്നതിനാവിശ്യമായ യാതൊരു സാധനസാമഗ്രികളും കോർപ്പറേഷൻ നൽകുന്നതല്ല

19 കരാർ കാലാവധിക്കിടയിൽ ടി സ്ഥലത്ത് കോർപ്പറേഷന് കാർഷിക പ്രവർത്തനങ്ങൾ നടത്താനുള്ള അവകാശം ഉണ്ടായിരിക്കുന്നതാണ് .

20 കരാറുകാരൻ യാതൊരു കാരണവശാലും കോർപ്പറേഷന്റെ സ്ഥലത്ത് സ്ഥിരസ്വഭാവമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ യാതൊന്നും നടത്തുവാൻ പാടുള്ളതല്ല. കരാർ ഏറ്റിട്ടുള്ള സ്ഥലത്ത് സ്ഥാപിക്കാൻ ഇടയുള്ള താൽക്കാലിക ഷെഡ്ഡുകൾ പണിയുന്നതിനു മുമ്പ് എസ്റ്റേറ്റ് മാനേജരുടെ അനുവാദം വാങ്ങേണ്ടതും, കരാർ കാലാവധി തീരുന്ന അവസരത്തിൽ സ്വന്തം **ചിലവിൽ** പൊളിച്ചുമാറ്റേണ്ടതുമാണ്, അല്ലാത്തപക്ഷം ടി ഷെഡ്ഡുകൾ കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതാണ്.

21 കരാറുകരാനോ/ഏജന്റോ കരാർ സ്ഥലത്തുനിന്നും തടികൾ നീക്കം ചെയ്യുന്ന സമയത്ത് എസ്റ്റേറ്റുമാനേജരിൽ നിന്നും പാസ് വാങ്ങിയിരിക്കേണ്ടതാണ്. സെക്യൂരിറ്റി പരിശോധനയ്ക്ക് വിധേയമാക്കി മാത്രമേ മരങ്ങൾ എസ്റ്റേറ്റിനു വെളിയിൽ കൊണ്ടുപോകുവാൻ പാടുള്ളൂ

22 മരങ്ങൾ കൊണ്ടുപോകുന്ന സമയം എസ്റ്റേറ്റ് പ്രവൃത്തി ദിവസങ്ങളിൽ രാവിലെ 8 മണിമുതൽ വൈകുന്നേരം 6 മണി വരെയായിരിക്കും. എസ്റ്റേറ്റ് അവധി ദിവസങ്ങളിൽ യാതൊരു കാരണവശാലും മരം മുറിക്ക**ലോ അനുബന്ധ പ്രവൃത്തി ചെയ്യലോ** അനുവദിക്കുന്നതല്ല.

23. **ഇ ടെൻഡർ കം ഓക്ഷൻ** സ്ഥിരപ്പെടുത്തിക്കിട്ടുന്ന ആൾ മുറിച്ചു മാറ്റുന്ന മരങ്ങൾ സർക്കാരിന്റെ കാലകാലങ്ങളിലുള്ള നിമയങ്ങൾക്ക് വിധേയമായി വില്പന നടത്തേണ്ടതാണ്.

24 യാതൊരു കാരണവും കൂടാതെ **ഇ-ടെൻഡർ കം ഇ ഓക്ഷൻ** അംഗീകരിക്കുന്നതിനോ, നിരാകരിക്കുന്നതിനോ ഉള്ള പൂർണ്ണമായ അധികാരം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

25. **ഇ ടെൻഡറിൽ വാഗ്ദാനം ചെയ്ത തുകയും** 15% സെക്യൂരിറ്റിയും അടച്ച് കരാർ ഉടമ്പടി ഒപ്പിട്ടതിനുശേഷമേ തോട്ടത്തിൽ പ്രവേശിക്കുന്നതിനു കരാറുകാരന് അനുവാദമുണ്ടായിരിക്കുകയുള്ളു.

26. ഏതെങ്കിലും കാരണവശാൽ കാലാവധി തീരുന്നതിനു മുമ്പ് കരാറുകാരൻ കരാർ ഉപേക്ഷിച്ചു പോകുകയാണെങ്കിൽ പ്രസ്തുത ബ്ലോക്ക് **കരാറുകാരൻറെ നഷ്ടോത്തരവാദിത്വത്തിൽ** കോർപ്പറേഷൻ പുനർ **ഇ-ടെൻഡർ കം ഇ ഓക്ഷൻ** നടത്തുന്നതു**മാണ്**. ഇതുമൂലം കോർപ്പറേഷനുണ്ടാ**കാവുന്ന ചിലവുകളും** നഷ്ടവും കരാറുകാരനിൽ നിന്നും ഈടാക്കുന്നതുമാണ്.

27 കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, മറ്റ് ജീവനക്കാർക്കോ **ഇ-ടെൻഡറിൽ** പങ്കെടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതല്ല.

28 വില്പന സംബന്ധിച്ച് **ഇ ടെൻഡർ/ഇ ഓക്ഷനി**ലോ ഇതു സംബന്ധമായ കരാർ വ്യവസ്ഥകളുടെ വ്യാഖ്യാനത്തിലോ, നടത്തിപ്പിലോ എന്തെങ്കിലും തർക്കം ഉണ്ടാകുന്ന പക്ഷം കോർപ്പറേഷന്റെ മാനേജിംഗ് ഡയറക്ടർക്ക് അതിൽ തീർപ്പു കൽപ്പിക്കുവാൻ അധികാരമുണ്ടായിരിക്കുന്നതും പ്രസ്തുത തീർപ്പ് അന്തിമമായിരിക്കുന്നതുമാണ്.

29 കരാറുകരന്റെ ആൾക്കാർക്കോ മറ്റ് തൊഴിലാളികൾക്കോ തടിവെട്ടു സംബന്ധമായി ഏതെങ്കിലും വിധത്തിൽ കൊടുക്കാനുള്ള വേതനത്തിനോ/നഷ്ടപരിഹാരത്തിനോ കോർപ്പറേഷൻ ഒരു കാരണവശാലും ഉത്തരവാദിയായിരിക്കുന്നതല്ല. മരം മുറിച്ചുമാറ്റുന്നതിനും, അതോടനുബന്ധിച്ചുള്ള എല്ലാ കാര്യങ്ങൾക്കും കരാറുകാരൻ തന്നെ ഉത്തരവാദിയായിരിക്കുന്നതാണ് .

30 കരാറുകാരൻ **ഇ-ടെൻഡർ കം ഇ ഓക്ഷൻ** വ്യവസ്ഥകളോ, കരാർ വ്യവസ്ഥകളോ പാലിക്കാതെ വന്നാൽ യാതൊരുവിധ മുന്നറിയിപ്പും കൂടാതെ കരാർ റദ്ദുചെയ്യുന്നതിനും, മരങ്ങൾ പുനർ **ഇ-ടെൻഡർ കം ഇ ഓക്ഷൻ** വഴി വിൽക്കുന്നതിനും കരാറുകാരൻ കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ളതായ മുഴുവൻ തുകയും കോർപ്പറേഷനിലേയ്ക്ക് മുതൽ കൂട്ടുന്നതിനും കൂടാതെ കോർപ്പറേഷനുണ്ടാകാവുന്ന **ചിലവുകളും** നഷ്ടവും കരാറുകാരനിൽ നിന്നും

ഈടാക്കിയെടുക്കുന്നതിനുമുള്ള പരിപൂർണ്ണ അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് ഉണ്ടായിരിക്കുന്നതാണ്.

31 ഈ കരാർ സംബന്ധമായി എന്തെങ്കിലും തർക്കങ്ങളുണ്ടായൽ ആയതിന്റെ വ്യവഹാര പരിധി കോട്ടയം കോടതികളിൽ മാത്രമായിരിക്കും.

32 കരാർ ഏറ്റുടുക്കുന്ന ആൾ കരാർ പൂർത്തിയാക്കിയതിനുശേഷം തോട്ടം മാനേജരിൽ നിന്നും ബാദ്ധ്യതാ രഹിത സർട്ടിഫിക്കറ്റ് വാങ്ങി ഹാജരാക്കി 1 മാസത്തിനകം സെക്യൂരിറ്റി അടച്ച തുക തിരികെ വാങ്ങേണ്ടതാണ്.

33 മരങ്ങളുടെ എണ്ണം, ക്രമീകരണം, ഇ.എം.ഡി എന്നിവയിൽ പരസ്യപ്പെടുത്തിയതിൽ നിന്നും വ്യത്യസ്തമായി ഭേദഗതികൾ വരുത്തുന്നതിനുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷന് ഉണ്ടായിരിക്കുന്നതാണ്.

34 യാതൊരു കാരണവും കാണിക്കാതെ ഏതൊരു ടെണ്ടറും റദ്ദ് ചെയ്യുന്നതിനോ, മാറ്റി വെയക്കുന്നതിനോ, നിർത്തി വയ്ക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരവും അവകാശവും കോർപ്പറേഷന് ഉണ്ടായിരിക്കുന്നതും ആയത് ചോദ്യം ചെയ്യാൻ പാടില്ലാത്തതുമാണ്.

35 ഏന്തെങ്കിലും പ്രത്യേക സാഹചര്യത്തിൽ ഏതെങ്കിലും കരാർ കോർപ്പറേഷൻ റദ്ദ് ചെയ്യുകയാണെങ്കിൽ അതുമൂലം യാതൊരു നഷ്ടപരിഹാരവും കോർപ്പറേഷൻ നൽകുന്നതല്ലാത്തതും നഷ്ടപരിഹാരത്തിന് അവകാശമുന്നയിക്കുവാൻ കരാറുകരാന് അർഹതയോ, അവകാശമോ ഇല്ലാത്തതുമാണ്.

36 കരാർ കലായളവിൽ കരാറുകാരനോ, ടിയാന്റെ ഏജന്റോ, തൊഴിലാളികളോ, എസ്റ്റേറ്റിനുള്ളിൽ കാട്ടുമൃഗങ്ങളെ വേട്ടയാടുകയോ, നിയമം മൂലം നിരോധിക്കപ്പെട്ട ഏതെങ്കിലും പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ സഹായിക്കുകയോ ചെയ്യാൻ പാടില്ല. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം, തന്മൂലം ഉണ്ടാകാവുന്നതാമായ സകലവിധ കഷ്ട നഷ്ടങ്ങൾക്കും കരാറുകാരൻ മാത്രം ഉത്തരവാദിയായിരിക്കുന്നതും കരാറുകാരൻ കോർപ്പറേഷനിൽ നിന്നും ഏറ്റെടുത്തിട്ടുള്ളുതുമായ എല്ലാ വിധ കാരാർ ഇടപാടുകളും റദ്ദുചെയ്യുന്നതും, കോർപ്പറേഷനിലേക്ക് അടച്ചിട്ടുള്ള എല്ലാ തുകയും കോർപ്പറേഷൻ മുതലിലേക്ക് കണ്ടുകെട്ടി മുതൽ കുട്ടുന്നതിനും, കൂടാതെ ആവിശ്യമെന്നു കണ്ടാൽ, കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ ടി ബ്ലോക്കുകളിൽ പൂനർ **ഇ-ടെൻഡർ കം ഇ ഓക്ഷൻ** നടത്തി കശുമാവ് മരങ്ങളുടെ വില്പന പൂർത്തിയാക്കുന്നതി**ന്** കോർപ്പറേഷ**ന്** തീരുമാനമെടുക്കാവുന്നതും, തന്മുലം ഉണ്ടാകാവുന്ന സകലവിധ **ചിലവുകളും**, നഷ്ടവും കരാറുകാരനിൽ നിന്നോ ടിയാന്റെ മുതലുകളിൽനിന്നോ ഈടാക്കിയെടുക്കുന്നതി**ന് നിയമം മൂലം** കോർപ്പറേഷന് അധികാരവും അവകാശവും ഉണ്ടായിരിക്കുന്നതുമാണ്.

37. ഇ-പോർട്ടൽ മുഖേന ഇ-ദർഘാസുകൾ സമർപ്പിക്കുന്നതിനുള്ള അവസാന ദിവസം 13/11/2020 5 P.M ആണ്. 16/11/2020-ന് 3.00 P M ന് ഇ-ദർഘാസുകൾ തുറക്കുന്നതുമാണ്

Sd/-

**ജനറൽ മാനേജർ** (സി)

കോട്ടയം

03/11/2020

## വിൽക്കുവാനുള്ള കശുമാവ് മരങ്ങളുടെ പട്ടിക
## ഡിവിഷൻ ബ്ലോക്കുകൾ, മരങ്ങളുടെ ഉദ്ദേശ എണ്ണം മുതലായവ
**ഇ ടെൻഡർ / ഇ ഓക്ഷൻ**

ചീമേനി എസ്റ്റേറ്റ് 11550 മരങ്ങൾ

| ഡിവിഷൻ | ബ്ലോക്ക് | ആകെ മരങ്ങൾ | ഡി.ഡി നം | തിയതി | തുക |
|---|---|---|---|---|---|
| **തുറവ്** | അരിയിട്ടപാറ-കാരക്കാട് | 2132 | | | |
| **തുറവ്** | മുഹബ്-അരിയിട്ടപാറ | 4477 | | | |
| **ചീമേനി** | പോത്താവൂർ-കയ്യൂർ | 4941 | | | |

മണ്ണാർക്കാട് എസ്റ്റേറ്റ് 3869 മരങ്ങൾ

| ഡിവിഷൻ | ബ്ലോക്ക് | ആകെ മരങ്ങൾ | ഡി.ഡി നം | തിയതി | തുക |
|---|---|---|---|---|---|
| **തത്തേങ്ങലം** | തത്തേങ്ങലം -II | 1365 | | | |
| **മെഴുകുംപാറ** | മെഴുകുംപാറ-I | 1490 | | | |
| **മെഴുകുംപാറ** | മെഴുകുംപാറ-II | 1014 | | | |

കാസർഗോഡ് എസ്റ്റേറ്റ് 1812 മരങ്ങൾ

| ഡിവിഷൻ | ബ്ലോക്ക് | ആകെ മരങ്ങൾ | ഡി.ഡി നം | തിയതി | തുക |
|---|---|---|---|---|---|
| **പെരിയ** | പന്നിക്കുന്ന് | 1812 | | | |

# സമ്മതപത്രം

പ്ലാന്റേഷൻ കോർപ്പറേഷൻ വക ചീമേനി, മണ്ണാർക്കാട്,കാസറഗോഡ്, എസ്റ്റേറ്റുകളിലെ കശുമാവ് മരങ്ങൾ വിൽക്കുന്നതിന് സംബന്ധമായ ഇടെൻഡർ/ഇ ഓക്ഷൻ വ്യവസ്ഥകൾ ഞാൻ ഇന്നേ ദിവസം കൈപ്പറ്റിയിരിക്കുന്നു. ഈ വ്യവസ്ഥകൾ എനിക്ക് സമ്മതമാണെന്നും ആയത് ഞാൻ അംഗീകരിച്ചിരിക്കുന്നതായും ഇതിനാൽ രേഖപ്പെടുത്തിക്കൊള്ളുന്നു.

1. ഇടെൻഡർ സമർപ്പിക്കുന്നയാളിന്റെ :
   പേരും മേൽവിലാസവും, ഒപ്പും
   ഫോൺ നമ്പരും :

2. സ്ഥലം :
3. തീയതി :